## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1359 — 07/06/2018-ൽ മറുപടിയ്ക്ക്

### സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ജൈവവൈവിധ്യത്തേയും കൃഷിയെയും പരിസ്ഥിതിയെയും കുറിച്ച് കുട്ടികൾക്ക് അറിവും അഭിരുചിയും വളർത്തുവാൻ വളരെയധികം സഹായകരമാകുന്ന ജൈവ വൈവിധ്യ ഉദ്യാനം പദ്ധതി ഇതുവരെ എത്ര സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്; | (എ) 1200 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം പദ്ധതി നടപ്പിലാക്കിവരുന്നു |
| (ബി) ഇത് കുട്ടികളുടെ പഠനത്തെ എന്തുമാത്രം സ്വാധീനിക്കാൻ കഴിയും എന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) വിദ്യാലയത്തിന് ചുറ്റുമുള്ള ജൈവവൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള താൽപര്യം വിദ്യാർത്ഥികളിൽ വളർത്തുക, പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പൊതുവിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത്. പ്രകൃതിയിലേയ്ക്കുള്ള മടക്കയാത്ര പഠിക്കേണ്ടത് സ്കൂൾ തലത്തിൽ നിന്നുതന്നെയാകണമെന്ന ഉദ്ദേശ്യത്തോടെയാണ് സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനം പദ്ധതി നടപ്പിലാക്കുന്നത്. |

Reeny

സെക്ഷൻ ഓഫീസർ